## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6703** **11-11-2021 - ൽ മറുപടിയ്ക്ക്**

## വർക്കല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ സർവ്വീസ് നടത്തിവന്നിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ കോവിഡ് മഹാമാരിയെ തുടർന്ന് സർവ്വീസ് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ ആയതു പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം വർക്കല മണ്ഡലത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ചില സർവ്വീസുകൾ നിർത്തി വച്ചിരുന്നു. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്ത 2021 മാർച്ച് മാസം ഓപ്പറേറ്റ് ചെയ്ത ജനോപകാരപ്രദമായ സർവ്വീസുകൾ ഇപ്പോൾ വർക്കല മണ്ഡലത്തിൽ നിർത്തിവച്ചിട്ടില്ല. എന്നാൽ, കോവിഡ് സാഹചര്യത്തിന് മുൻപ് ഓപ്പറേറ്റ് ചെയ്തിരുന്നതും നിന്നുപോയതുമായ വിവിധ സർവ്വീസുകളിലെ ജനോപകാരപ്രദമായ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്ത് വരികയും, ഓരോ യൂണിറ്റുകളുടേയും ഷെഡ്യൂളുകളിലെ ഓരോ ട്രിപ്പുകളും പരിശോധിക്കുന്ന തരത്തിൽ ശാസ്ത്രീയ പഠനം നടത്തി അവലോകനയോഗങ്ങൾ നടത്തി വരികയുമാണ്. ഇത്തരത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് ട്രിപ്പുകൾ / സർവ്വീസുകൾ ക്രമീകരിച്ച് വരുന്നുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണത്തിൽ ഇളവ് വന്നതിനുശേഷം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവി നുള്ള വരുമാനം പോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുന:ക്രമീകരിച്ച് മാത്രം ഓടിക്കേണ്ട സാഹചര്യം വന്നു ചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പുന:ക്രമീകരണം നടത്തിയതിനുശേഷം, വർക്കല മണ്ഡലത്തിൽ നിന്നും മെഡിക്കൽ കോളേജ് ഉൾപ്പടെയുള്ളയിടങ്ങളിൽ കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണനയിലാണ്. ഇതിനായി ഡിപ്പോകൾക്ക് ബസ്സുകൾ നൽകി തുടങ്ങിയിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ നിന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് സർവ്വീസ് | (ബി) | കോവിഡ് മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം വർക്കല മണ്ഡലത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ചില സർവ്വീസുകൾ നിർത്തി |

| | | | |
|---|---|---|---|
| | നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ അടിയന്തരമായി ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | വച്ചിരുന്നു. എന്നാൽ കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്ത 2021 മാർച്ച് മാസം ഓപ്പറേറ്റ് ചെയ്ത ജനോപകാരപ്രദമായ സർവ്വീസുകൾ ഇപ്പോൾ വർക്കല മണ്ഡലത്തിൽ നിർത്തിവച്ചിട്ടില്ല. എന്നാൽ, കോവിഡ് സാഹചര്യത്തിന് മുൻപ് ഓപ്പറേറ്റ് ചെയ്തിരുന്നതും നിന്നുപോയതുമായ വിവിധ സർവ്വീസുകളിലെ ജനോപകാരപ്രദമായ ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്ത് വരികയും, ഓരോ യൂണിറ്റുകളുടേയും ഷെഡ്യൂളുകളിലെ ഓരോ ട്രിപ്പുകളും പരിശോധിക്കുന്ന തരത്തിൽ ശാസ്ത്രീയ പഠനം നടത്തി അവലോകനയോഗങ്ങൾ നടത്തി വരികയുമാണ്. ഇത്തരത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ച് ട്രിപ്പുകൾ / സർവ്വീസുകൾ ക്രമീകരിച്ച് വരുന്നുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണത്തിൽ ഇളവ് വന്നതിനുശേഷം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുന:ക്രമീകരിച്ച് മാത്രം ഓടിക്കേണ്ട സാഹചര്യം വന്നു ചേർന്നിട്ടുണ്ട്. ഇത്തരത്തിൽ പുന:ക്രമീകരണം നടത്തിയതിനുശേഷം, വർക്കല മണ്ഡലത്തിൽ നിന്നും മെഡിക്കൽ കോളേജ് ഉൾപ്പടെയുള്ളയിടങ്ങളിൽ കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്ന കാര്യം പരിഗണനയിലാണ്. ഇതിനായി ഡിപ്പോകൾക്ക് ബസ്സുകൾ നൽകി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ